(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തിയിട്ടില്ല.

(ഇ) ഈ രീതിയിൽ ജീവനക്കാരെ നിയമിച്ചിട്ടില്ല.

(എഫ്) 5 പേരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.

(ജി) തൽക്കാലം പരിഗണനയിലില്ല.

(എച്ച്&ഐ) സാമുദായിക സംവരണം പാലിക്കേണ്ട തരത്തിലുള്ള സ്ഥിര നിയമനം നടത്തിയിട്ടില്ല.

(ജെ) അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(കെ) കരാർ കാലാവധി തീരുന്ന മുറയ്ക്ക് പിരിഞ്ഞു പോകാറുണ്ട്.

(എൽ) ഇവർക്ക് പകരമായി ആരെയും നിയമിച്ചിട്ടില്ല. ഓരോ സെന്ററിലേക്കും ജോലി ഭാരം കണക്കിലെടുത്താണ് ജീവനക്കാരെ നിയമിച്ചിട്ടുള്ളത്.

(എം&എൻ) ഓപ്പൺ സ്കൂളിന് മാത്രമായി ഒരു ഡയറക്ടർ ഇല്ല. എസ്.സി.ഇ.ആർ.ടി. ഡയറക്ടറുടെ കീഴിലാണ് ഓപ്പൺ സ്കൂൾ പ്രവർത്തിക്കുന്നത്.

അദ്ധ്യാപകർക്ക് അപ്രൂവൽ നൽകാൻ നടപടി

111 (3670) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-ൽ സ്പെഷ്യൽ റൂൾസ് വരുന്നതിനു മുമ്പ് കാസർഗോഡ് ജില്ലയിൽ ഹയർ സെക്കണ്ടറി സ്കൂളിൽ ജോലി ചെയ്തിരുന്ന അദ്ധ്യാപകർക്ക് ഇനിയും അപ്രൂവൽ നൽകിയിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജില്ലയിലെ ഏതെല്ലാം ഹയർ സെക്കണ്ടറി സ്കൂളുകളിലെ എത്ര അദ്ധ്യാപകർക്ക് അപ്രൂവൽ നൽകാനുണ്ട് എന്ന് അറിയിക്കാമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നൽകിയ കേസ് അദ്ധ്യാപകർക്ക് എത്രയും വേഗം അപ്രൂവൽ നൽകണമെന്ന് കോടതി നിർദ്ദേശിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇനിയും അപ്രൂവൽ നൽകാതിരിക്കാനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അപ്രൂവൽ നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുകയാണ്. ഈ നടപടികൾ പൂർത്തിയായിക്കഴിഞ്ഞാൽ മാത്രമേ ഇതുസംബന്ധിച്ച വ്യക്തമായ കണക്കുകൾ ലഭ്യമാക്കുകയുള്ളൂ.

(സി) ഉണ്ട്.

(ഡി) അപ്രൂവൽ നൽകുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചു വരുന്നു.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly